# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560

***ഫോൺ:*** 0481-2733370


## വാർത്താക്കുറിപ്പ്

**2025 ഫെബ്രുവരി 13**

---

## സൗരോർജ്ജ പാലനലുകൾ കഴുകാൻ ഡ്രോൺ; സാധ്യതകൾ പരിചയപ്പെടുത്തി എം.ജി. സർവകലാശാല

*ഡ്രോൺ സാങ്കേതിക വിദ്യയിൽ പരിശീലനം നേടിയവർക്ക് ഈ മേഖലയിലെ പുതിയ സാധ്യതകൾ പരിചയപ്പെടുത്തി മഹാത്മാ ഗാന്ധി സർവകലാശാല. സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് സംഘടിപ്പിച്ച ശിൽപ്പശാലയിൽ ഉയരത്തിലുള്ള സോളാർ പാലനലുകളും കെട്ടിടങ്ങളുടെ ഗ്ലാസുകൊണ്ടുള്ള ഭാഗങ്ങളും ഡ്രോണുകൾ ഉപയോഗിച്ച് കഴുകുന്ന രീതി വിശദീകരിച്ചു.*

*മിഡിയം കാനുഗറി ഡ്രോണുകളാണ് ഇതിനായി ഉപയോഗിക്കുന്നത്. ഡ്രോണിൽ ഘടിപ്പിച്ച ടാങ്കിൽനിന്നുള്ള വെള്ളം ശക്തിയായി സ്പ്രേ ചെയ്താണ് പാനലുകളും ഗ്ലാസ് ഭിത്തികളും കഴുകുന്നത്. സോളാർ പാനലുകളുടെ ഉപയോഗം വർധിച്ചു വരുന്ന സാഹചര്യത്തിൽ ഈ ജോലിയിൽ പ്രാവീണ്യം നേടുന്നവർക്ക് ഏറെ സാധ്യതകളുണ്ടെന്ന് സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് ഡീൻ ഡോ. കെ.ആർ. ബൈജു പറഞ്ഞു.*

*എഷ്യാ സോഫ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, നെക്സ്റ്റ് ലീപ്പ് എയറോനോട്ടിക്സ് എന്നീവയുടെ സാങ്കേതിക സഹകരണത്തോടെ നടത്തിയ ശിൽപ്പശാലയിൽ ദുരന്ത മേഖലകളിൽ രക്ഷാപ്രവർത്തനത്തിനുള്ള അവശ്യ സാധനങ്ങൾ ഡ്രോണുകൾ ഉപയോഗിച്ച് എത്തിച്ചു നൽകുന്നതും വിശദീകരിച്ചു. വിവിധ മേഖലകളിൽനിന്നുള്ള 75 പേർ പങ്കെടുത്തു*

ഡോ. വി.പി. സൈലസ്, ഡോ. എബിൻ വർഗീസ്, എഷ്യാ സോഫ്റ്റ് പ്രതിനിധി എസ്. നിഷാദ്, നെക്സ്റ്റ്ലീപ് എയറോനോട്ടിക്സ് പ്രതിനിധി സുന്ദരപാണ്ഠ്യൻ എന്നിവർ സംസാരിച്ചു.

(പി.ആർ.ഒ/39/1304/2025)

## പരീക്ഷാ ഫലം

നാലാം സെമസ്റ്റർ പിജിസിഎസ്എസ് എംഎസ്സി മാത്തമാറ്റിക്സ് (സിഎസ്എസ്) (2018 അഡ്മിഷൻ സപ്ലിമെന്ററി, 2015 മുതൽ 2017 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ് മെയ് 2024) പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് അടച്ച് ഫെബ്രുവരി 27 വരെ ഓൺലൈനിൽ അപേക്ഷിക്കാം. വിശദ വിവരങ്ങൾ studentportal.mgu.ac.in എന്ന ലിങ്കിൽ.

(പി.ആർ.ഒ/39/1305/2025)

## പരീക്ഷക്ക് അപേക്ഷിക്കാം

നാലാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബികോം (സിബിസിഎസ് 2023 അഡ്മിഷൻ റെഗുലർ, 2022 അഡ്മിഷൻ ഇംപ്രൂവ്മെന്റ്, 2018 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അ്ഡമിഷൻ അദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകൾക്ക് മാർച്ച് നാലു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് ആറു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് പത്തു വരെയും അപേക്ഷ സ്വീകരിക്കും.

...........................

ആറാം സെമസ്റ്റർ പ്രൈവറ്റ് രജിസ്ട്രേഷൻ ബിഎ, ബികോം (സിബിസിഎസ് 2022 അഡ്മിഷൻ റെഗുലർ, 2018 മുതൽ 2021 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2017 അ്ഡമിഷൻ അദ്യ മെഴ്സി ചാൻസ് മാർച്ച് 2025) പരീക്ഷകൾക്ക് മാർച്ച് മൂന്നു വരെ അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ഏഴു വരെയും അപേക്ഷ സ്വീകരിക്കും.

(പി.ആർ.ഒ/39/1306/2025)

## പ്രാക്ടിക്കൽ

ഒന്നാം സെമസ്റ്റർ ബിവോക്ക്-അഡ്വാൻസ്ഡ് കോഴ്സ് ഇൻ മൾട്ടി സ്പോർട്സ് ആന്റ് ഫിറ്റ്നസ് ട്രെയിനിംഗ് (2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ

*ഇംപ്രൂവ്മെന്റ്, 2018 മുതൽ 2023 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ് പുതിയ സ്കീം ഡിസംബർ 2024) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 17 മുതൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..........................

*നാലാം സെമസ്റ്റർ ഐഎംസിഎ (2022 അഡ്മിഷൻ റെഗുലർ, 2020,2021 അഡ്മിഷനുകൾ സപ്ലിമെന്ററി ജനുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 18, 19, 20, 21 തീയതികളിലിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..........................

*ഒന്നാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എംഎസ്സി പ്രോഗ്രം ഇൻ കമ്പ്യൂട്ടർ സയൻസ്-ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആന്റ് മെഷീൻ ലേണിംഗ്, കമ്പ്യൂട്ടർ സയൻസ്-ഡാറ്റാ സയൻസ് (2024 അഡ്മിഷൻ റെഗുലർ, 2023 അഡ്മിഷൻ ഇംപ്രൂവ്മെന്റും സപ്ലിമെന്ററിയും 2020, 2022 അഡ്മിഷനുകൾ സപ്ലിമെന്ററി പുതിയ സ്കീം ജനുവരി 2025) പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷകൾ ഫെബ്രുവരി 20 ന് നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

..........................

*ഒന്നാം സെമസ്റ്റർ എംഎഫ്എ (2024 അഡ്മിഷൻ റെഗുലർ ജനുവരി 2025) പ്രാക്ടിക്കൽ പരീക്ഷ ഫെബ്രുവരി 27 മുതൽ തൃപ്പൂണിത്തുറ ആർഎൽവി കോളജിൽ നടക്കും. ടൈം ടേബിൾ വെബ് സൈറ്റിൽ.*

*(പി.ആർ.ഒ/39/1307/2025)*

**പബ്ലിക് റിലേഷൻസ് ഓഫീസർ**